# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 21, വൈകുന്നേരം 6 മണി

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം ഒന്നായി ചേർക്കുന്നു.

## ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് കണ്ണൂർ ജില്ലയിൽ നിന്നുള്ള 3 പേർക്കും, കാസർഗോഡ് ജില്ലയിൽ നിന്നുള്ള 06 പേർക്കും, എറണാകുളം ജില്ലയിൽ ചികിത്സയിലുള്ള 03 പേർക്കും (മൂവരും കണ്ണൂർ ജില്ലക്കാർ) രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു - ഇന്ന് 176 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 53013 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 52785 പേർ വീടുകളിലും 228 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 3716 സാമ്പിളുകൾ പരിശോധിച്ചതിൽ 2566 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. വിദേശങ്ങളിൽ നിന്നും വരുന്നവരുടെ വിശദാംശങ്ങൾ വിമാനത്താവളങ്ങളിൽ നിന്ന് ശേഖരിച്ചതിന്റെ കണക്ക് അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്ത് കഴിഞ്ഞ നാല് മാസങ്ങളിലായി റിപ്പോർട്ട് ചെയ്യപ്പെട്ട ന്യൂമോണിയ രോഗത്തിന്റെ കണക്കും പനിയുടെ കണക്കും വിശകലനം ചെയ്തതിൽ നിന്നും എടുത്തുപറയത്തക്ക വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് അറിയിച്ചു. കോവിഡ് 19 രോഗം ചികിത്സിക്കാൻ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള കിടക്കകളുടെയും, വെന്റിലേറ്ററുകളുടെയും ആംബുലൻസുകളുടെയും കണക്കുകൾ അദ്ദേഹം പറഞ്ഞു. കോവിഡ് 19 വ്യാപനനിയന്ത്രണവുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. എയർപോർട്ട് സ്ക്രീനിംഗ് കുറച്ചുകൂടെ ശക്തിപ്പെടുത്തേണ്ടതുണ്ട്. എയർപോർട്ടിൽ നിന്ന് വീടുകളിലേയ്ക്ക് യാത്രക്കാരെ മാറ്റുന്നതിൽ കോഴിക്കോടും കണ്ണൂരും കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്വകാര്യ ആശുപത്രികളിലെ കണക്കുകൾ ഇതുവരെ ലഭ്യമായിട്ടില്ല. പ്രൈവറ്റ് മെഡിക്കൽ കോളെജുകളിലെ വിശദമായ വിവരം ഇന്നലെ ഡോ. ബി ഇക്ബാൽ അറിയിച്ചിട്ടുണ്ടായിരുന്നു. തത്സമയ വിവരം എടുക്കുന്നതിന് ഐ ടി മിഷൻ /ദുരന്തനിവാരണ അതോറിറ്റി പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരിശോധന കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 10 പി സി ആർ മെഷീനുകൾ വാങ്ങാനുള്ള ഓർഡർ നൽകികഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അൻപതോളം പി സി ആർ

മെഷീനുകൾ ഉള്ളതായി ഇക്ബാൽ സാർ അറിയിച്ചിട്ടുണ്ട്. ഇതിൽ എത്ര എണ്ണം കോവിഡ് പരിശോധനയ്ക്ക് ഉപയോഗിക്കാമെന്ന് നോക്കേണ്ടിയിരിക്കുന്നു. വ്യക്തിസുരക്ഷാ ഉപകരണങ്ങളുടെ കൂടുതൽ വാങ്ങേണ്ടതായിട്ടുണ്ട്.

## പ്ലാനിംഗ് ബോർഡ് മെമ്പർ

ഇപ്പോൾ പരിശോധന ലഭ്യമായ സ്ഥലനങ്ങളിൽ ഒരു ദിവസം 250 ഓളം പരിശോധന മാത്രമേ നടത്താൻ കഴിയുകയുള്ളൂ. അംഗീകാരം ലഭിച്ച 6 സ്ഥാപനങ്ങളിൽ കിറ്റുകൾ ലഭിക്കുന്ന മുറയക്ക് പരിശോധന ആരംഭിക്കാം. മെഡിക്കൽ കോളജുകളിൽ ഇപ്പോൾ 30 മുതൽ 50 ടെസ്റ്റുവരെ മാത്രമേ ചെയ്യാൻ സാധിക്കുന്നുള്ളൂ. അവിടെ ഷിഫ്റ്റുകൾ വർദ്ധിപ്പിക്കേണ്ടിവരും.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അൻപതോളം പി സി ആർ മെഷീനുകൾ ഉള്ളതായി ഇക്ബാൽ സാർ അറിയിച്ചു. ഇതിൽ എത്ര എണ്ണം കോവിഡ് പരിശോധനയ്ക്ക് ഉപയോഗിക്കാമെന്ന് നോക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ പരിശീലനം സിദ്ധിച്ചവരല്ല. എന്നാൽ ഇ ൗ സ്ഥാപനങ്ങൾ ഉപകരണങ്ങൾ മറ്റ് സ്ഥലങ്ങളിലേയക്ക് മാറ്റി പരിശോധന നടത്താൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്ന കാര്യവും പരിശോധിക്കേണ്ടതുണ്ട്.

സമൂഹത്തിൽ വ്യാപനം നടന്നിട്ടുള്ളതിന്റെ പഠനം നടത്താനായുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചു. അതിൽ രാജീവ ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഐ സി എം ആറുമായി ചേർന്ന് നടത്തുന്ന വൈറൽ ന്യൂമോണിയ പഠനത്തിൽ മാറ്റങ്ങൾ വരുത്തേണ്ടിവരും.  ഇപ്പോൾ ഇത് സ്വകാര്യ മേഖലയിലാണ് നടക്കുന്നത്. സർക്കാർ മേഖലയിൽ കൂടി അനുമതി നൽകണം. മാത്രമല്ല ആശുപത്രി ജീവനക്കാർക്ക് പ്രസ്തുത ശ്വാസകോശ രോഗങ്ങൾ വരുന്നുണ്ടോ എന്നു കൂടി പഠിക്കേണ്ടിയിരിക്കുന്നു.

വേഗപരിശോധന അനുമതി ലഭ്യമായിട്ടില്ല. ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചിരുന്നു. അതിൽ ഒന്ന് വിദഗ്ദ്ധർ നല്ലതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഫാൾസ് പോസിറ്റീവ് കൂടുതൽ വരാം. എന്നാൽ ഇത് സ്ക്രീനിംഗ് ടെസ്റ്റ് മാത്രം ആയതിനാൽ പ്രശ്നമില്ല. ഇതിനും ഐ സി എം ആറിന്റെ അനുവാദം ലഭിക്കണം. ഐ സി എം ആറിന്റെ അനുവാദം ലഭ്യമാക്കേണ്ടതുണ്ടോ എന്ന് ചീഫ് സെക്രട്ടറി ചോദിച്ചു. എന്നാൽ ഇതിന് വൈദ്യശാസ്ത്രപരമായ നീതീകരണമുണ്ടെന്ന് ഡോ. ബി ഇക്ബാൽ പറഞ്ഞു. പ്രസ്തുത കമ്പനികൾ ഐ സി എം ആറിനോട് അനുമതിയ്ക്കായി സമീപിച്ചിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഏത് ജില്ലകളിലാണോ കൂടുതൽ ആൾക്കാർ വിദേശത്തുനിന്ന് തിരിച്ചെത്തിയത്, ആ ജില്ലകളിൽ കൂടുതൽ പരിശോധന പഠനം നടത്തേണ്ടിവരുമെന്ന പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) അറിയിച്ചു. വേഗപരിശോധന രക്തപരിശോധന ആയതിനാൽ ജൈവ അപകടകരമല്ല (ബയോ ഹസാർഡ്)  എന്ന് ഐ എം എ സെക്രട്ടറി പറഞ്ഞു.

## ചീഫ് സെക്രട്ടറി

അവശ്യ സേവനങ്ങൾ തടസ്സം കൂടാതെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഇതിനായി ആഭ്യന്തര വകുപ്പ് സെക്രട്ടറി, ഡി ജി പി, ഭക്ഷ്യവകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു ഉന്നത സമിതി ഇത് പരിശോധിക്കണം.

തത്സമയ വിവരശേഖരണം ഊർജ്ജിതപ്പെടുത്തണമെന്നും അത് പരിശോധിക്കാൻ ഡോ വേണു ഐ എ എസ് നെ ചുമതലപ്പെടുത്തി.

വിദേശികളുടെ വരവ് ഇനിയുള്ള ദിവസങ്ങളിൽ കുറയും എന്നാൽ തദ്ദേശീയ യാത്രക്കാരുടെ വരവ് തുടരും. ഇവർക്ക് രോഗലക്ഷണങ്ങൾ വന്നാൽ പാർപ്പിക്കാനുള്ള കേന്ദ്രങ്ങൾ സജ്ജമാകണം. അവിടേയ്ക്കുള്ള ജീവനക്കാരുടെ ലഭ്യതയും സേവനവും ആരോഗ്യവകുപ്പ് ഉറപ്പുവരുത്തണം. മാത്രമല്ല, കൂടുതൽ ആൾക്കാർ താമസിക്കുന്ന വീടുകളിൽ ആരെങ്കിലും നിരീക്ഷണത്തിലായാൽ അവരെകൂടി ഈ സ്ഥലങ്ങളിൽ പാർപ്പിക്കേണ്ടിവരും. ആരോഗ്യവകുപ്പിന് ആവശ്യമുള്ള സാധനങ്ങൾ വാങ്ങി നൽകുന്നതിന്റെ ചുമതല വ്യവസായ വകുപ്പ് സെക്രട്ടി ഡോ. ഇളങ്കോവൻ ഐ എ എസ് നു നൽകി.

ഗതാഗത സൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കെ ആർ ജ്യോതിലാൽ ഐ എ എസ് , കെ എസ് ആർ ടി സി മാനേജിംഗ് ഡയറക്ടർ, ശ്രീലേഖ ഐ പി എസ് എന്നിവർക്ക് നൽകാം.

പരിശോധന കേന്ദ്രങ്ങൾ സ്വകാര്യ ലാബുകൾക്ക് കൂടി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി വിശദമായ ചർച്ച നടന്നതായി ചീഫ് സെക്രട്ടറി അറിയിച്ചു. സ്വകാര്യ ലാബുകൾക്ക് സ്ക്രീനിംഗ് സൗകര്യമെങ്കിലും നൽകണമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു.

ചെക് പോസ്റ്റ് നിയന്ത്രണവുമായി ബന്ധപ്പെട്ട് കുറെയധികം തെറ്റായ വാർത്തകൾ പ്രചരിക്കുന്നുണ്ട്. ഈ വിഷയത്തെപ്പറ്റി ഇന്ന് കർണ്ണാടക ചീഫ് സെക്രട്ടറിയുമായി സംസാരിച്ചിരുന്നു. സ്വകാര്യ ആശുപത്രികൾ അവരുടെ വിശദാംശങ്ങൾ നൽകുന്നില്ലെങ്കിൽ ഒരു സർക്കാർ ഉത്തരവ് വഴി അത് ലഭ്യമാക്കാൻ കർശന നിർദ്ദേശം നൽകാമെന്ന് വ്യക്തമാക്കി.

കൂട്ടം കൂടുന്നതും, പൊതു ഗതാഗത സംവിധാനം വഴി ദീർഘദൂര യാത്രകൾ ചെയ്യുന്നത് പൊതുജനങ്ങൾ ഒഴിവാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ചെക് പോസ്റ്റുകളിൽ നമ്മുടെ ചരക്കു വാഹനങ്ങൾ തടയപ്പെടുന്നുണ്ടെന്ന് വിവരം ലഭിച്ചുണ്ട്. കേരളത്തിലേയക്ക് വരുന്ന ചരക്കുവാഹനങ്ങൾ പതിനഞ്ചു ദിവസം കേരളത്തിൽ തങ്ങിയശേഷം തിരിച്ചെത്തിയാൽ മതിയെന്ന് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് അവരോട് നിർദ്ദേശം നൽകുന്നുണ്ടെന്നും ശ്രീമതി ശ്രീലേഖ ഐ പി എസ് വ്യക്തമാക്കി. ഈ പ്രശ്നത്തിൽ അടിയന്തിരമായ ഇടപെടേണ്ടതെന്നും അവർ വ്യക്തമാക്കി.